KSSIA NEWS
SEPTEMBER 2023

# പരാതി പരിഹാരത്തിന് മേഖലാ തലത്തിൽ ഫെസിലിറ്റേഷൻ കൗൺസിലുകൾ





എസ്. ഹരി കിഷോർ
ഐ.എ.എസ്.

ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ ഊർജ്ജസ്വലവും ചലനാത്മകവുമായ മേഖലയായി സൂക്ഷ്മ, ചെറുകിട സംരംഭങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. രാജ്യത്തിന്റെ വ്യവസായ മേഖലയുടെ വളർച്ചയ്ക്കാധാരം സൂക്ഷ്മ, ചെറുകിട മേഖലകളുടെ വളർച്ചയാണ്. ഈ മേഖലകൾ രാജ്യത്തിന്റെ സാമൂഹിക-സാമ്പത്തിക വികസനത്തിന് ഗണ്യമായ സംഭാവന നല്കി വരുന്നു. വ്യവസായ രംഗം കൂടുതൽ സുതാര്യമാക്കാൻ സംസ്ഥാന സർക്കാർ ശ്രമിക്കുകയാണ്. സൂക്ഷ്മ ചെറുകിട സംരംഭകരുടെ സ്ഥായിയായ വളർച്ചയ്ക്കും സാമ്പത്തിക സ്ഥിരതയ്ക്കും ശക്തമായ ഇടപെടലുകൾ നടത്തി അവരെ ചേർത്തു പിടിക്കുകയാണ് സർക്കാർ. അതിൽ ഏറ്റവും ശക്തമായ ഇടപെടലാണ് എം.എസ്.ഇ. ഫെസിലിറ്റേഷൻ കൗൺസിൽ. സർക്കാർ, പൊതു സ്വകാര്യ മേഖലാ സ്ഥാപനങ്ങൾക്ക് ചെറുകിട വ്യവസായികൾ നല്കുന്ന സാധനങ്ങളുടെ വില 45 ദിവസത്തിനകം ലഭിച്ചില്ലെങ്കിൽ പരാതി നല്കി തുക പലിശ സഹിതം ഈടാക്കാൻ നിയമപരമായ അധികാരമുള്ള വേദിയാണ് എം.എസ്.ഇ. ഫെസിലിറ്റേഷൻ കൗൺസിൽ.

2006 ലെ നിയമത്തിലെ 15 മുതൽ 24 വരെയുള്ള വകുപ്പുകളിലാണ് എം.എസ്.ഇ. കൾ നടത്തുന്ന പണമിടപാടുകളെ സംബന്ധിച്ച് തർക്കമുണ്ടാകുമ്പോൾ അത് പരിഹരിക്കുന്നതിന് എം.എസ്.ഇ. ഫെസിലിറ്റേഷൻ കൗൺസിൽ രൂപികരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നത്. ഒരു എം.എസ്.ഇ. സപ്ലൈയറിൽ നിന്ന് എം.എസ്.ഇ. ബയർ വാങ്ങുന്ന സാധനങ്ങളുടെ വില 45 ദിവസത്തിനുള്ളിൽ കൊടുക്കാത്ത പക്ഷം എം.എസ്.ഇ. സപ്ലൈയർക്ക് ബയർക്ക് എതിരെ കേസ് ഫയൽ ചെയ്ത് തർക്കം പരിഹരിക്കുന്നതിന് അവസരം ലഭിക്കും. ഇങ്ങനെ ലഭിക്കുന്ന പരാതിയിന്മേൽ 90 ദിവസത്തിനകം കൗൺസിൽ പരിഹാരം കാണുന്നതായിരിക്കും.

അതത് സംസ്ഥാനങ്ങളിലെ വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറായിരിക്കും കൗൺസിലിന്റെ അദ്ധ്യക്ഷൻ. കൂടാതെ എസ്.എൽ.ബി.സി. കൺവീനർ, കെ.എസ്.എസ്.ഐ.എ. സംസ്ഥാന പ്രസിഡന്റ്/സെക്രട്ടറി, നിയമവകുപ്പിൽ നിന്ന് സർക്കാർ അഡീഷണൽ സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ എന്നിവർ അംഗങ്ങളാണ്. സംസ്ഥാന സർക്കാർ ഈ കൗൺസിൽ കൃത്യമായി യോഗം ചേരുന്നുണ്ടെന്നും ലഭിക്കുന്ന അപേക്ഷകൾ 90 ദിവത്തിനകം തീർപ്പാക്കുന്നുണ്ടെന്നും ഉറപ്പാക്കും. അതത് സംസ്ഥാനങ്ങളിലെ എം.എസ്.ഇ.എഫ്.സി. മുമ്പാകെ ഫയൽ ചെയ്യുന്ന ഓൺലൈൻ കേസുകളുടെ കാര്യത്തിൽ മുമ്പാകെ എടുക്കേണ്ടത് ഡി.സി. എം.എസ്.എം. ഇ. ആണ്.

രാജ്യത്തുടനീളമുള്ള സൂക്ഷ്മ ചെറുകിട സംരംഭങ്ങളുടെ ഫെസിലിറ്റേഷൻ കൗൺസിലുകളുടെ പ്രവർത്തനം സുഗമമാക്കുന്നതിന് കേന്ദ്ര സർക്കാർ നേരത്തെ മാതൃകാ ചട്ടങ്ങൾ തയ്യാറാക്കിയിരുന്നു. 2006-ലെ എം.എസ്.എം.ഇ.ഡി. ആക്റ്റ് പ്രകാരം വ്യവസായ വാണിജ്യ വകുപ്പിന് കീഴിൽ തിരുവനന്തപുരത്ത് വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ സംസ്ഥാന എം.എസ്.ഇ.എഫ്. കൗൺസിൽ പ്രവർത്തിച്ചു വരുന്നു. കൂടാതെ കേരളത്തെ മൂന്ന് മേഖലകളായി തരംതിരിച്ച് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ റീജിയണൽ ഫെസിലിറ്റേഷൻ കൗൺസിൽ രൂപികരിച്ചിട്ടുണ്ട്.

എം.എസ്.എം.ഇ. സമാധാൻ വെബ് പോർട്ടലിലൂടെ സമർപ്പിക്കപ്പെടുന്ന അപേക്ഷകളുടെ

*(തുടർന്ന് പേജ് 18 -ൽ വായിക്കുക.)*

**സർക്കാർ, പൊതു സ്വകാര്യ മേഖലാ സ്ഥാപനങ്ങൾക്ക് ചെറുകിട വ്യവസായികൾ നല്കുന്ന സാധനങ്ങളുടെ വില 45 ദിവസത്തിനകം ലഭിച്ചില്ലെങ്കിൽ പരാതി നല്കി തുക പലിശ സഹിതം ഈടാക്കാൻ നിയമപരമായ അധികാരമുള്ള വേദിയാണ് എം.എസ്.ഇ. ഫെസിലിറ്റേഷൻ കൗൺസിൽ.**

(12 -ാം പേജ് തുടർച്ച.)

## അപേക്ഷ സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- മൂന്നു വർഷമെങ്കിലും തുടർച്ചയായി പ്രവർത്തിച്ചു വരുന്ന ഉദ്യം റജിസ്ട്രേഷൻ സംരംഭങ്ങൾ ആയിരിക്കണം.
- മുൻകൂട്ടി പ്രൊജക്ട് അംഗീകരിച്ച് വാങ്ങണം. ഇതിനുള്ള അപേക്ഷ സമർപ്പിക്കേണ്ടത് വ്യവസായ വകുപ്പിന്റെ ഓൺലൈൻ സൈറ്റ് വഴിയാണ്.
- താലൂക്ക് വ്യവസായ ഓഫീസുകളിലാണ് ക്ലെയിമിനുള്ള അപേക്ഷകൾ സമർപ്പിക്കേണ്ടത്.
- 30 ദിവസത്തിനുള്ളിൽ അപേക്ഷയിൽ ശുപാർശ ചെയ്തു ജില്ലാ കമ്മിറ്റിക്ക് സമർപ്പിക്കണം.
- മുൻകൂർ അംഗീകാരം കിട്ടിയതിനുശേഷം വേണം ആനുകൂല്യങ്ങൾക്കുള്ള അപേക്ഷ സമർപ്പിക്കാൻ.
- ഉല്പാദന തോത് ഉയർത്തൽ പ്രക്രിയ പൂർത്തിയാക്കി ഒരു വർഷത്തിനുള്ളിൽ സ്ഥിരനിക്ഷേപ സബ്സിഡിക്കുള്ള അപേക്ഷ സമർപ്പിക്കണം. എന്നാൽ മതിയായ കാരണങ്ങളുണ്ടെങ്കിൽ മൂന്ന് വർഷം വരെ ഇളവ് ലഭിക്കുന്നതിനും വ്യവസ്ഥയുണ്ട്.
- പ്രവർത്തന മൂലധന വായ്പ കൈപ്പറ്റി ആറുമാസത്തിനുള്ളിലോ ഒരു വർഷത്തിനുള്ളിലോ നാലു വർഷത്തിനു ശേഷമോ പലിശ സബ്സിഡി ക്ലെയിം ചെയ്യാവുന്നതാണ്. നാലു വർഷത്തിനു ശേഷം ക്ലെയിം ചെയ്യുമ്പോൾ മൂന്ന് മാസത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കണം.
- ശേഷി ഉയർത്തുന്ന നടപടി പൂർത്തിയാക്കിയ ശേഷം അഞ്ചുവർഷം തുടർച്ചയായി പ്രവർത്തിച്ചു കൊള്ളാം എന്ന് സംരംഭകർ അണ്ടർടേക്കിങ്ങ് നൽകണം.
- അപേക്ഷയിൽ നടപടി എടുക്കുവാൻ കൃത്യമായ സമയക്രമവും (30 ദിവസം) ഉത്തരവിൽ പറയുന്നുണ്ട്.
- അപേക്ഷയിൽ കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർ പ്രതിദിനം 500 രൂപ നഷ്ടപരിഹാരം പരമാവധി 10,000 രൂപ വരെ നൽകണമെന്നും, അത് ശമ്പളത്തിൽ നിന്ന് പിടിക്കുമെന്നും ഉത്തരവിൽ പറയുന്നു.
- ചെറിയ തോതിലുള്ള ഫീസും അപേക്ഷയോടൊപ്പം നൽകണം. സി.പി.ആർ. സബ്സിഡിയ്ക്ക് ആയിരം രൂപയും, സ്ഥിരനിക്ഷേപ സബ്സിഡിക്ക് 0.1 % വും (5,000 മുതൽ 10,000 വരെ), പ്രവർത്തന മൂലധന പലിശ സബ്സിഡിയ്ക്ക് 0.1 ശതമാനവും (1000 മുതൽ 5,000 വരെ) ഫീസ് നൽകണം.
- സംരംഭങ്ങളുടെ പ്രൊഡക്ഷൻ കപ്പാസിറ്റി ഉയർത്തുക എന്ന ലക്ഷ്യം വെച്ചു കൊണ്ടാണ് ഇത്തരത്തിലുള്ള ഒരു പദ്ധതിയ്ക്ക് സർക്കാർ രൂപം നൽകിയിരിക്കുന്നത്. ■

**സംസ്ഥാന വ്യവസായ വകുപ്പ് മുൻ ഡെപ്യൂട്ടി ഡയറക്ടർ ആണ് ലേഖകൻ**

(13 -ാം പേജ് തുടർച്ച.)

ബാഹുല്യം പരിഗണിച്ച് സമയബന്ധിതമായി സംരംഭകരുടെ പരാതികൾ/അപേക്ഷകൾ വളരെ വേഗത്തിൽ തീർപ്പാക്കുന്നതിനായാണ് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ റീജിയണൽ കൗൺസിലുകൾ രൂപികരിച്ചിട്ടുള്ളത്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ,പത്തനംതിട്ട എന്നിവയെ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ല വ്യവസായ കേന്ദ്രത്തിലാണ് ഫെസിലിറ്റേഷൻ കേന്ദ്രം ആരംഭിച്ചിട്ടുള്ളത്. രണ്ടാമത്തെ ഫെസിലിറ്റേഷൻ കേന്ദ്രം എറണാകുളം കേന്ദ്രികരിച്ച് ഇടുക്കി, കോട്ടയം, തൃശ്ശൂർ, പാലക്കാട്, എറണാകുളം ജില്ലകൾക്ക് വേണ്ടി പ്രവർത്തിക്കും. മൂന്നാമത്തെ ഫെസിലിറ്റേഷൻ കേന്ദ്രം മലപ്പുറം, കോഴിക്കോട് വയനാട്, കണ്ണൂർ, കാസർഗോഡ് തുടങ്ങിയ ജില്ലകൾക്ക് വേണ്ടി കോഴിക്കോട് ജില്ലാ വ്യവസായ കേന്ദ്രത്തിൽ പ്രവർത്തിക്കും.

മൂന്ന് റീജിയണലുകളുടെയും ചെയർപേഴ്സൺ അതത് റീജിയണലുകളുടെ ജില്ലാ വ്യവസായ കേന്ദ്രം (തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്) ജനറൽ മാനേജർ ആയിരിക്കും. ലീഡ് ബാങ്ക് മാനേജർ, ഡെപ്യൂട്ടി സെക്രട്ടറി റാങ്കിലുള്ള ലോ ഓഫീസർ, കെ.എസ്.എസ്.ഐ.എ. യുടെ അതത് മേഖലയിലെ വൈസ് പ്രസിഡന്റുമാർ എന്നിവരും അംഗങ്ങളായിരിക്കും.

സൂക്ഷ്മ ചെറുകിട വ്യവസായ സംരംഭകർ ഏർപ്പെട്ടിരിക്കുന്ന സാധന, സേവന വിപണനവുമായി ബന്ധപ്പെട്ട് ഉല്പന്നത്തിന്/സേവനത്തിന് ലഭിക്കേണ്ടതായ പണത്തിന് കാലതാമസം നേരിടുകയോ ലഭിക്കാതെ വരികയോ ചെയ്യുന്ന സാഹചര്യത്തിൽ അവയുടെ പരിഹാരത്തിനായി മേൽ കൗൺസിലുകളെ സമീപിക്കാം. കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും ഒരു കോടി രൂപയ്ക്ക് മേൽ അവകാശവാദം ഉന്നയിച്ചിട്ടുള്ള എം.എസ്.ഇ.കളുടെ അപേക്ഷകൾ തിരുവനന്തപുരത്തെ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ സംസ്ഥാന സൂക്ഷ്മ ചെറുകിട സംരംഭ ഫെസിലിറ്റേഷൻ കൗൺസിൽ പരിഗണിക്കും. മറ്റെല്ലാ അപേക്ഷകളും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ല വ്യവസായ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്നു റീജിയണൽ സൂക്ഷ്മ ചെറുകിട സംരഭ ഫെസിലിറ്റേഷൻ കൗൺസിലുകളിൽ അതിന്റെ അധികാര പരിധി അനുസരിച്ച് പരിഗണിക്കും. സംരംഭകർ കേരള സംസ്ഥാനത്തിനുള്ളിൽ ഉദ്യം രജിസ്ട്രേഷൻ/ഉദ്യോഗ് ആധാർ മെമ്മോറാണ്ടം രജിസ്ട്രേഷൻ നടത്തിയിട്ടുള്ളവരാകണം. സംരംഭകർ അവരുടെ പരാതികൾ https://samadhaan.msme.gov.in/ എന്ന വെബ്പോർട്ടൽ വഴി വേണ്ട രേഖകൾ ഉൾപ്പടെ അപേക്ഷ സമർപ്പിക്കണം.

സൂക്ഷ്മ ചെറുകിട സംരംഭകരുടെ പണമിടപാടുകളെ സംബന്ധിച്ചുള്ള പരാതി പരിഹാരത്തിന് മേഖലകളായി ഫെസിലിറ്റേഷൻ കൗൺസിൽ രൂപികരിച്ചതോടെ ചെറുകിട, സൂക്ഷ്മ സംരംഭങ്ങൾക്ക് ആശ്വസിക്കാം. വ്യവസായ മേഖല കൂടുതൽ സുതാര്യമാക്കാൻ ലക്ഷ്യമിട്ടും സർക്കാർ സംവിധാനങ്ങളുടെ കാര്യക്ഷമതയും വിശ്വാസ്യതയും വർദ്ധിപ്പിക്കാൻ നടത്തുന്ന ശ്രമങ്ങൾ സർക്കാരിന്റെ ഭാഗത്ത് നിന്നും ഉണ്ടാവുന്നു എന്നത് സംരംഭകരുടെ ഭാവി സുരക്ഷിതമാക്കും. ■